

# ജനഹിതം

## വാർത്താപത്രിക

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

**2025 ജനുവരി**


# ഉപതിരഞ്ഞെടുപ്പ്: 31 വാർഡുകളിൽ ജനുവരി 18 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 31 തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടർ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുതുക്കുന്നു. അന്തിമപട്ടിക ജനുവരി 28ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് ജനുവരി 18 വരെ അപേക്ഷിക്കാം. 2025 ജനുവരി 1 നോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്കാണ് പേര് ചേർക്കാൻ അർഹതയുള്ളത്.

www.sec.kerala.gov.in വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷ നൽകണം.

പട്ടികയിലെ ഉൾക്കുറിപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനുമുള്ള അപേക്ഷകളും ഓൺലൈനായി നൽകാം. പേര് ഒഴിവാക്കാൻ ഓൺലൈനായി രജിസ്റ്റർ ചെയ്ത ആക്ഷേപങ്ങളുടെ പ്രിന്റൗട്ട് നേരിട്ടോ തപാലിലോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം.

കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ അതാത് സെക്രട്ടറിമാരുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. കരട് പട്ടിക അതാത് തദ്ദേശ സ്ഥാപനങ്ങളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കമ്മീഷന്റെ www.sec.kerala.gov.in വെബ്സൈറ്റിലും പ്രസിദ്ധീ കരിക്കും.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ മരണമോ രാജിയോ അയോഗ്യതയോ മൂലമുണ്ടായ ആകസ്മിക ഒഴിവുകളിലേയ്ക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പട്ടിക പുതുക്കുന്നത്.

വയനാട് ഒഴികെയുള്ള 13 ജില്ലകളിലായി ഒരു കോർപ്പറേഷൻ വാർഡ്, രണ്ട് ബ്ളോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 25 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലാണ് ആകസ്മിക ഒഴിവുകളുള്ളത്.

# ''2025: പൊതുതിരഞ്ഞെടുപ്പ് വർഷം''

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ജനുവരി ഒന്നിന് നടന്ന സ്റ്റാഫ് അംഗങ്ങളുടെ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ഉദ്ഘാടനം ചെയ്തു. കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.



കമ്മീഷൻ പൊതുതിരഞ്ഞെടുപ്പിനായി തയ്യാറെടുക്കുകയാണ്. തിരഞ്ഞെടുപ്പിന്റെ മേൽനോട്ടത്തിനും നടത്തിപ്പിനും നേതൃത്വം വഹിക്കുന്ന സ്ഥാപനത്തിലെ അംഗങ്ങളെന്ന നിലയിൽ തങ്ങളുടെ പങ്കിനെ കുറിച്ച് ബോധ്യമുണ്ടാകണമെന്ന് കമ്മീഷണർ പറഞ്ഞു.

തിരഞ്ഞെടുപ്പ് നടത്തിപ്പ് വ്യക്തികേന്ദ്രീകൃതമല്ല. ശക്തവും സുതാര്യവും കൃത്യതയുള്ളതുമായ ഒരു സംവിധാനമാണ് തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെ നട്ടെല്ല്.

തിരഞ്ഞെടുപ്പ് നടത്തിപ്പിന് കാലഘട്ടം ആവശ്യപ്പെടുന്ന മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ബാലറ്റ് പേപ്പറിന് പകരം വോട്ടിംഗ് മെഷീൻ വന്നു. സാങ്കേതികവിദ്യയുടെ ഉപയോഗം തിരഞ്ഞെടുപ്പ് ഫലത്തിന് ദിവസങ്ങളോളം കാത്തിരിക്കേണ്ട സ്ഥിതിക്ക് മാറ്റം വരുത്തി. ഇപ്പോൾ വോട്ടെണ്ണൽ തുടങ്ങി മണിക്കൂറുകൾക്കുള്ളിൽ ഫലമറിയാം.

സുതാര്യവും നിഷ്പക്ഷവും സ്വതന്ത്രവുമായി തിരഞ്ഞെടുപ്പ് നടത്തുവാൻ തയ്യാറാകുന്നതിന് കമ്മീഷണർ നിർദ്ദേശിച്ചു.

യോഗത്തിൽ നവവത്സര ചിന്തകൾ പങ്ക് വെച്ചവർ:

മണികണ്ഠൻ ആർ., ഗീത ജെ.ആർ., ശ്രീകല സി.എസ്., പ്രീതി ആർ. നായർ, സുരേഷ്കുമാർ എ., അനിൽ ജോണി, ജെയിംസ് പി.ജെ., വി. ഷാജിമോൻ, കെ.എം. അയ്യപ്പൻ, ശ്രീകാന്ത് കെ.എസ്., റീന എൻ., ആതിര ആർ. നാഥ്, നികേത് കെ.എസ്., പ്രിയകുമാരി പി.ജെ., അനിൽ കുമാർ എസ്., രാജീവ് കുമാർ വി., അനൂപ് എസ്., ആമോദ്രാജ് എസ്., ഷാനി എം.എസ്., പ്രിൻസ്ജോസഫ് തട്ടിൽ, ഗംഗാവർമ റ്റി., സുറുമി എൻ.എസ്., ശരത്മോഹൻ എം.എസ്., സമീന എസ്.എം., ആതിരമോഹൻ എം.എസ്., നിമിഷ എൻ.കെ., ഗായത്രിചന്ദ്രൻ, വീണ എസ്. നാഥ്, രമേഷ്കുമാർ റ്റി., സുമ എസ്.എസ്., പ്രദീപ്സോമൻ, സുജ പി., അരവിന്ദ് എം.എ., വിമലാദേവി എ., ഗീത എസ്.

## വരവേൽപ്പ്



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പുതുതായി ചുമതലയേറ്റ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർക്ക് ആശംസകൾ നേരുന്നു

## യാത്രയയപ്പ്



സ്ഥാനമൊഴിഞ്ഞ് പോകുന്ന ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ സന്ദർശിച്ചപ്പോൾ

# ഡീലിമിറ്റേഷൻ കമ്മീഷൻ: ജില്ലകളിലെ ഹീയറിംഗ് ജനുവരിയിൽ ആരംഭിക്കും

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജന റിപ്പോർട്ട് സംബന്ധിച്ച പരാതികളിൽ ജില്ലാതല ഹീയറിംഗ് (നേർവിചാരണ) ജനുവരി 16 മുതൽ ഫെബ്രുവരി 22 വരെ നടത്തുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. ഹീയറിംഗ് ജനുവരി 16 ന് പത്തനംതിട്ടയിൽ ആരംഭിക്കും.

941 ഗ്രാമപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് കോർപ്പറേഷനുകൾ എന്നിവയിലെ, നവംബർ 18 ന് പ്രസിദ്ധീകരിച്ച കരട് വിഭജന റിപ്പോർട്ടിന്മേലുള്ള പരാതികളും നിർദ്ദേശങ്ങളും 2024 ഡിസംബർ നാല് വരെ സ്വീകരിച്ചിരുന്നു. പരാതികളെ കുറിച്ചുള്ള അന്വേഷണറിപ്പോർട്ട് ജില്ലാ കളക്ടർമാർ കമ്മീഷന് നൽകിയിട്ടുണ്ട്.

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന് നേരിട്ടും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേനയും ആക്ഷേപങ്ങൾ സമർപ്പിച്ച മുഴുവൻ പരാതിക്കാരെയും നേരിൽ കേൾക്കും. ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനും അംഗങ്ങളുമാണ് പരാതിക്കാരെ നേരിൽ കേൾക്കുന്നത്. ഹീയറിംഗിന് ശേഷം പരാതികൾ വിശദമായി പരിശോധിച്ച് കമ്മീഷൻ അന്തിമ വാർഡ് വിഭജന വിജ്ഞാപനം പുറപ്പെടുവിക്കും.

ഹീയറിംഗ് തീയതി, ജില്ല, പരാതികളുടെ എണ്ണം എന്നീ ക്രമത്തിൽ ചുവടെ:

| ഹീയറിംഗ് തീയതി | ജില്ല | പരാതികളുടെ എണ്ണം |
|---|---|---|
| 2025 ജനുവരി 16 | പത്തനംതിട്ട | 546 |
| ജനുവരി 17 | കോട്ടയം | 562 |
| ജനുവരി 18 | ഇടുക്കി | 482 |
| ജനുവരി 28 | കൊല്ലം | 869 |
| ജനുവരി 29 | ആലപ്പുഴ | 723 |
| ജനുവരി 30 | എറണാകുളം | 1010 |
| ജനുവരി 31 | തൃശ്ശൂർ | 1230 |
| ഫെബ്രുവരി 4 | പാലക്കാട് | 1112 |
| ഫെബ്രുവരി 5, 6 | മലപ്പുറം | 2840 |
| ഫെബ്രുവരി 11 | കാസർകോട് | 843 |
| ഫെബ്രുവരി 12 | കണ്ണൂർ | 1379 |
| ഫെബ്രുവരി 13, 14 | കോഴിക്കോട് | 1957 |
| ഫെബ്രുവരി 15 | വയനാട് | 487 |
| ഫെബ്രുവരി 21, 22 | തിരുവനന്തപുരം | 2002 |

# 12-ാമത് തദ്ദേശ ഉപതിരഞ്ഞെടുപ്പ് ഫലം

## യു.ഡി.എഫ് 16 എൽ.ഡി.എഫ് 11 എൻ.ഡി.എ 3, സ്വതന്ത്രൻ 1

സംസ്ഥാനത്ത് ഡിസംബർ 10ന് നടന്ന 31 തദ്ദേശ സ്വയം ഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫ് 16, എൽഡിഎഫ് 11, എൻ.ഡി.എ. 3, സ്വതന്ത്രൻ 1 സീറ്റുകളിൽ വിജയിച്ചു.

യു.ഡി.എഫ്. കക്ഷി നില 16 (ഐഎൻസി 14, ഐയുഎംഎൽ 2 )

എൽ.ഡി.എഫ്. കക്ഷി നില 11 (സിപിഐ(എം) 9, സിപിഐ 1, കേരള കോൺഗ്രസ് (എം)1)

എൻ.ഡി.എ. കക്ഷി നില 3 (ബിജെപി 3) സ്വതന്ത്രൻ 1

ഉപതിരഞ്ഞെടുപ്പിന് മുമ്പുള്ള കക്ഷിനില: എൽ.ഡി.എഫ് 14 (സിപിഐ (എം) 13, സിപിഐ 1), യു.ഡി.എഫ് 13 (ഐഎൻസി 12, ഐയുഎംഎൽ 1), എൻ.ഡി.എ3 (ബിജെപി3), സ്വതന്ത്രൻ 1.

## തിരഞ്ഞെടുപ്പ് കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറിയായി മണികണ്ഠൻ ആർ. ചുമതലയേറ്റു. ഫോൺ : 8281000129.

# ഇയർബുക്ക് ഗവർണർ പ്രകാശനം ചെയ്തു

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2025 ലെ ഇയർബുക്കും, 2024 ലെ വോട്ടർപട്ടിക സംക്ഷിപ്ത പുതുക്കലിന്റെ അവലോകന റിപ്പോർട്ടും, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള ഗൈഡും രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ പ്രകാശനം ചെയ്തു.



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇയർബുക്ക്, വോട്ടർപട്ടിക അവലോകനറിപ്പോർട്ട്, തിരഞ്ഞെടുപ്പ് ഗൈഡ് എന്നിവ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്യുന്നു. തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ സമീപം.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപക ദിനാഘോഷവുമായി ബന്ധപ്പെട്ടു രാജ്ഭവനിൽ നടന്ന ചടങ്ങിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2023- 24 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ഗവർണർക്ക് കൈമാറി. ചടങ്ങിൽ കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശും, മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉത്തരവുകൾ, മുൻവർഷങ്ങളിലെ തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പുകളുടെ സ്ഥിതിവിവരകണക്കുകൾ, നിലവിലെ തദ്ദേശസ്ഥാപന ജനപ്രതിനിധികളുടെ പട്ടിക, തദ്ദേശ സ്ഥാപന അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ച കോടതി ഉത്തരവുകൾ തുടങ്ങിയ വിവരങ്ങളാണ് ഇയർബുക്കിലെ ഉള്ളടക്കം.

2024 ൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കലിന്റെ വിശദാംശങ്ങളാണ് അവലോകന റിപ്പോർട്ടിൽ ഉള്ളത്.

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, പോളിംഗ് ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ തുടങ്ങി തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രയോജനപ്രദമാകുന്ന കൈപ്പുസ്തക മാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച തിരഞ്ഞെടുപ്പ് ഗൈഡ്.

ഇവയുടെ പൂർണ രൂപം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in വെബ്സൈറ്റിൽ ലഭിക്കും.

## കേരളത്തിൽ രണ്ട് വോട്ടർ പട്ടിക എന്തുകൊണ്ട്?

സംസ്ഥാനത്ത് രണ്ട് വോട്ടർപട്ടികകളാണ് നിലവിലുള്ളത്. ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ (ഇ.സി.ഐ.) അസംബ്ലി ബൂത്ത് അടിസ്ഥാനമാക്കിയുള്ള വോട്ടർപട്ടികയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വാർഡ് അടിസ്ഥാനമാക്കിയുള്ള വോട്ടർപട്ടികയും.

നിയമസഭ, ലോകസഭ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇ.സി.ഐ. യുടെ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ്. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള വോട്ടർപട്ടിക അടിസ്ഥാനപ്പെടുത്തിയാണ്.

അസംബ്ലി ബൂത്ത്തലത്തിലുള്ള വോട്ടർപട്ടിക അതേപടി തദ്ദേശ തിരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അതിനാലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക വോട്ടർപട്ടിക തയ്യാറാക്കുന്നത്.

## പത്രവാർത്തകളിലൂടെ

### വാർഡ് വിഭജനത്തിന് വോട്ടർപട്ടിക അടിസ്ഥാനമാക്കണമെന്ന് ഹർജി

തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം വോട്ടർപട്ടിക പ്രകാരമുള്ള ജനസംഖ്യ കണക്കാക്കി വേണമെന്ന് ഹൈക്കോടതിയിൽ ഹർജി.

എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എം. സിനോജ് കുമാർ ഉൾപ്പെടെ നൽകിയ ഹർജിയാണ് ജസ്റ്റിസ് സി.പി. മുഹമ്മദ് നിയാസ് പരിഗണിച്ചത്.

ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെയും തിരഞ്ഞെടുപ്പ് കമ്മീഷന്റെയും കേന്ദ്ര സെൻസസ് കമ്മീഷണറുടെയും വിശദീകരണം തേടി.

### തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച വിദേശപൗരനെ അയോഗ്യനാക്കാമോ?

ബീഹാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് വിദേശ പൗരന്റെ തിരഞ്ഞെടുപ്പ് റദ്ദാക്കാനുള്ള കമ്മീഷന്റെ അധികാരം സംബന്ധിച്ച് സുപ്രീംകോടതിയെ സമീപിച്ചത്.

ഗ്രാമപഞ്ചായത്ത് മുഖ്യനായി തിരഞ്ഞെടുക്കപ്പെട്ട നേപ്പാൾ പൗരനെ അയോഗ്യനാക്കിയ ബീഹാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി പാറ്റ്ന ഹൈക്കോടതി റദ്ദ് ചെയ്തിരുന്നു. ഇതിനെയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തത്.

### വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കാനാവില്ല: ഹൈക്കോടതി

കോളേജുകളിൽ രാഷ്ട്രീയ പ്രവർത്തനത്തിനു പൂർണ നിരോധനം ഏർപ്പെടുത്താനാകില്ലെന്നും ഹാനികരമായ പ്രവണതകളാണ് അവസാനിപ്പിക്കേണ്ടതെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

കലാലയ രാഷ്ട്രീയം നിരോധിക്കാനായി മരട് സ്വദേശി എൻ. പ്രകാശ് നൽകിയ ഹർജിയിലാണ് ജസ്റ്റിസ്മാരായ എ. മുഹമ്മദ് മുഷ്താഖ്, പി. കൃഷ്ണകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഇക്കാര്യം പറഞ്ഞത്. ഹർജിയിൽ ഹൈക്കോടതി സർക്കാരിനോട് വിശദീകരണം തേടി.

### ഭരണസമിതിയുടെ യുവപ്രാതിനിധ്യം 25% ആക്കണമെന്ന് നഗരനയക്കമ്മീഷൻ

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഭരണസമിതികളിൽ യുവജനങ്ങൾക്ക് 25 ശതമാനം സംവരണം ഏർപ്പെടുത്തണമെന്ന് ഡോ. എം. സതീഷ് കുമാർ അധ്യക്ഷനായ നഗരനയക്കമ്മീഷൻ ശുപാർശ ചെയ്തു.

## ഉപതിരഞ്ഞെടുപ്പ്: വോട്ടർപട്ടിക പുതുക്കുന്ന തദ്ദേശ സ്ഥാപന വാർഡുകൾ

| ജില്ല | ബ്ലോക്ക് പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|
| കൊല്ലം | ബി 16 അഞ്ചൽ | 07 അഞ്ചൽ |
| കൊല്ലം | ബി 17 കൊട്ടാരക്കര | 08 കൊട്ടറ |

| ജില്ല | മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | വാർഡ് |
|---|---|---|
| തിരുവനന്തപുരം | സി 01 തിരുവനന്തപുരം | 79 ശ്രീവരാഹം |
| കൊല്ലം | എം 87 കൊട്ടാരക്കര | 20 കല്ലുവാതുക്കൽ |
| പത്തനംതിട്ട | എം 09 പത്തനംതിട്ട | 15 കുമ്പഴ നോർത്ത് |
| എറണാകുളം | എം 22 മൂവാറ്റുപുഴ | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് |

| ജില്ല | ഗ്രാമപഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|
| തിരുവനന്തപുരം | ജി 17 കരുംകുളം | 18 കൊച്ചുപള്ളി |
| തിരുവനന്തപുരം | ജി 34 പൂവച്ചൽ | 05 പുളിങ്കോട് |
| തിരുവനന്തപുരം | ജി 52 പാങ്ങോട് | 01 പുലിപ്പാറ |
| കൊല്ലം | ജി 02 കുലശേഖരപുരം | 18 കൊച്ചുമാംമൂട് |
| കൊല്ലം | ജി 04 ക്ലാപ്പന | 02 പ്രയാർ തെക്ക് ബി |
| കൊല്ലം | ജി 30 ഇടമുളക്കൽ | 08 പടിഞ്ഞാറ്റിൻ കര |
| പത്തനംതിട്ട | ജി 13 അയിരൂർ | 16 തടിയൂർ |
| പത്തനംതിട്ട | ജി 18 പുറമറ്റം | 01 ഗ്യാലക്സി നഗർ |
| ആലപ്പുഴ | ജി 33 കാവാലം | 03 പാലോടം |
| ആലപ്പുഴ | ജി 36 മുട്ടാർ | 03 മിത്രക്കരി ഈസ്റ്റ് |
| കോട്ടയം | ജി 26 രാമപുരം | 07 ജി വി സ്കൂൾ വാർഡ് |
| ഇടുക്കി | ജി 30 വാത്തിക്കുടി | 07 ദൈവംമേട് |
| എറണാകുളം | ജി 18 അശമന്നൂർ | 10 മേതല തെക്ക് |
| എറണാകുളം | ജി 21 രായമംഗലം | 03 മുടിക്കരായി |
| എറണാകുളം | ജി 54 പൈങ്ങോട്ടൂർ | 10 പനങ്കര |
| എറണാകുളം | ജി 79 പായിപ്ര | 10 നിരപ്പ് |
| തൃശ്ശൂർ | ജി 07 ചൊവ്വന്നൂർ | 11 മാന്തോപ്പ് |
| പാലക്കാട് | ജി 44 മുണ്ടൂർ | 12 കീഴ്പാടം |
| മലപ്പുറം | ജി 27 കരുളായി | 12 ചക്കിട്ടാമല |
| മലപ്പുറം | ജി 91 തിരുനാവായ | 08.എടക്കുളം ഈസ്റ്റ് |
| കോഴിക്കോട് | ജി 06 പുറമേരി | 14 കുഞ്ഞല്ലൂർ |
| കണ്ണൂർ | ജി 65 പന്ന്യന്നൂർ | 03 താഴെ ചമ്പാട് |
| കാസർഗോഡ് | ജി 25 മടിക്കൈ | 08 കോളിക്കുന്ന് |
| കാസർഗോഡ് | ജി 26 കോടോം ബേളൂർ | 05 അയറോട്ട് |
| കാസർഗോഡ് | ജി 33 കയ്യൂർ ചീമേനി | 07 പള്ളിപ്പാറ |

## ജില്ലാതല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം



ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗത്തിലെ ഇലക്ഷൻ അസിസ്റ്റന്റ്മാർക്കും സൂപ്രണ്ടുമാർക്കുമുള്ള ദ്വിദിന പരിശീലന പരിപാടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നടന്നു.

വിതരണ, ശേഖരണ കേന്ദ്രങ്ങളിലെ തയ്യാറെടുപ്പ്, ഇ.വി.എം. മാനേജ്മെന്റ്, മാതൃകാ പെരുമാറ്റ ചട്ടം, ഇലക്ഷൻ പ്ലാൻ, വിവിധ മൊബൈൽ ആപ്പുകൾ, പോളിംഗ് ഉദ്യോഗസ്ഥരുടെ വിന്യാസം, മീഡിയാ പ്ലാൻ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുത്തു.

പരിശീലനത്തോടനുബന്ധിച്ച് ഉദ്യോഗസ്ഥർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുമായി സംവദിച്ചു.

## ക്രിസ്തുമസ് ആഘോഷം



**ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ കേക്ക് മുറിക്കുന്നു. കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ്, ജോയിന്റ് സെക്രട്ടറി അനിൽ ജോണി എന്നിവർ സമീപം**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ എംപ്ലോയീസ് വെൽഫെയർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷിച്ചു. ക്രിസ്തുമസ് ദിനാഘോഷം തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ഉദ്ഘാടനം ചെയ്തു.

ജീവനക്കാർ അവതരിപ്പിച്ച കലാപരിപാടികൾ, ക്രിസ്തുമസ് സമ്മാന വിതരണം എന്നിവ ഉണ്ടായിരുന്നു.

## വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത് എങ്ങനെ?

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

- വെബ്സൈറ്റിൽ പ്രവേശിച്ച് voter services ക്ലിക്ക് ചെയ്യുക
- Citizen Registration നടത്തുക. മൊബൈൽ നമ്പർ ആണ് യൂസർ നെയിം.
- എന്നിട്ട് Form 4 (Name inclusion) ക്ലിക്ക് ചെയ്യുക
- ജില്ല, തദ്ദേശസ്ഥാപനം, വാർഡ്, പാർട്ട് നമ്പർ എന്നിവ തിരഞ്ഞെടുക്കുക
- പേര്, മേൽവിലാസം, ലിംഗം, വയസ്സ്, മൊബൈൽ നമ്പർ രക്ഷാകർത്താവിന്റെ പേര്, തുടങ്ങിയവ രേഖപ്പെടുത്തുക
- ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ വോട്ടർ ഐഡന്റിറ്റി കാർഡിന്റെ വിവരം രേഖപ്പെടുത്തുക
- മറ്റേതെങ്കിലും തദ്ദേശ സ്ഥാനത്തിലെ വോട്ടർ പട്ടികയിൽ അപേക്ഷകന്റെ പേരുണ്ടെങ്കിൽ ആ വിവരം കൃത്യമായി ചേർക്കുക
- പേര് ചേർക്കേണ്ട വാർഡിലെ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങളുടെയോ തൊട്ടടുത്ത താമസക്കാരന്റെയോ വോട്ടർപട്ടികയിലെ ക്രമനമ്പരും കൂടി രേഖപ്പെടുത്തുക
- ഫോട്ടോ അപ്ലോഡ് ചെയ്യുക
- അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ തന്നെ തീയതിയും സമയവും സ്ഥലവും നിശ്ചയിച്ചുള്ള ഹീയറിംഗ് നോട്ടീസ് ലഭിക്കും.
- അപേക്ഷകൻ ആവശ്യമായ രേഖകൾ സഹിതം നിശ്ചിതസമയത്ത് ഹീയറിംഗിന് ഹാജരാകണം.